# ഭരണഭാഷ - മാതൃഭാഷ

Office of the Principal, Govt. Engineering College,
Sreekrishnapuram

നമ്പർ. C4/8142/23/GECSKP

തീയതി: 22.11.2023

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എൻജിനിയറിങ് കോളേജ്, ശ്രീകൃഷ്ണപുരം- കേന്ദ്ര സർക്കാരിൻറെ വിവിധ സ്കോളർഷിപ്പുകൾക്ക് -2023-24 - അപേക്ഷിക്കുന്നത് - (ഫ്രെഷ് & റിന്യൂവൽ)- സംബന്ധിച്ച്

സൂചന :- നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (www.scholarships.gov.in) ലഭ്യമായ വിവരങ്ങൾ

2023-24 അധ്യയന വർഷത്തേക്ക് കേന്ദ്രസർക്കാരിൻറെ വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (https://www.scholarships.gov.in/) വഴി അപേക്ഷ സമർപ്പിക്കാനുള്ള **അവസാന തീയതി 2023 ഡിസംബർ 31** ആണ്.

വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ലോഗിൻ/രെജിസ്റ്റർ ചെയ്ത് തങ്ങളുടെ യോഗ്യതയ്ക്കനുസരിച്ചുള്ള സ്കോളർഷിപ്പിന് അപേക്ഷിക്കാൻ താല്പര്യപ്പെടുന്നു. പ്രധാന സ്കോളർഷിപ്പുകളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ അനുബന്ധം 1 - പട്ടികയിൽ കൊടുത്തിരിക്കുന്നു. വിശദമായ വിവരങ്ങളും പട്ടികയിൽ പ്രസ്താവിച്ചിട്ടില്ലാത്ത സ്കോളർഷിപ്പുകളെ സംബന്ധിച്ചും പോർട്ടലിൽ ലഭ്യമായ മാർഗനിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി അപേക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**<u>പുതുതായി അപേക്ഷിക്കുന്നവർ (Fresh applicants) താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.</u>**

1. പോർട്ടലിൽ അപേക്ഷയോടൊപ്പം ചേർക്കേണ്ട സാക്ഷ്യപത്രം (Bonafide certificate ) ലഭിക്കുന്നതിനു വേണ്ടി ആയതിൻറെ പ്രോഫോർമ/ഫോർമാറ്റ് പോർട്ടലിൽ നിന്ന് ഡൌൺലോഡ് ചെയ്ത് അപേക്ഷ സഹിതം അതാത് ക്ലാസ് ട്യൂട്ടർ, വകുപ്പ് മേധാവിമാർ എന്നിവർ സാക്ഷ്യപ്പെടുത്തി പ്രിൻസിപ്പാളുടെ അംഗീകാരത്തിനു വേണ്ടി C4-സെക്ഷനിൽ സമർപ്പിക്കുക. അംഗീകരിച്ച സാക്ഷ്യപത്രം കൈപ്പറ്റി പോർട്ടലിൽ Upload ചെയ്യുക.
2. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്യേണ്ടതാണ്.

   1. ഫോട്ടോ
   2. വരുമാന സർട്ടിഫിക്കറ്റ്
   3. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
   4. ഈ അദ്ധ്യയന വർഷം അടച്ച ഫീ രസീതിയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് / കോളേജിൻറെ പൊതുവായ ഫീ ഘടനാ സാക്ഷ്യപത്രം (അനുബന്ധം 2)
   5. ബാങ്ക് പാസ്സ് ബുക്കിൻറെ ഒന്നാം പേജിൻറെ (അക്കൌണ്ട് നമ്പർ, ഐ.എഫ്.എസ്. കോഡ് തുടങ്ങിയവ ഉൾപ്പെടുന്നത്) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
   6. റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് / ഹോസ്റ്റൽ അന്തേവാസിയാണെങ്കിൽ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
   7. ആധാർ കാർഡിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
   8. കോളേജിൽ നിന്ന് ലഭിച്ച സാക്ഷ്യ പത്രം ( Bonafide Certificate)
   9. അപേക്ഷിക്കുന്ന സ്കോളർഷിപ്പിന് ആവശ്യമായ പ്രത്യേക രേഖകൾ ( ഉദാ: എം.സി.എം സ്കോളർഷിപ്പിന് വേണ്ട ജാതി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, സാക്ഷം സ്കോളർഷിപ്പിന് വേണ്ട ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങിയവ)

3. പോർട്ടലിൽ അപേക്ഷ സമർപ്പിച്ച ശേഷം അതിൻറെ പ്രിൻറ് ഔട്ട്, ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം പരിശോധനയ്ക്കായി ക്ലാസ് ട്യൂട്ടർ, വകുപ്പ് മേധാവി എന്നിവർ സാക്ഷ്യപ്പെടുത്തിയത് കോളേജിൽ (C4-സെക്ഷനിൽ) സമർപ്പിക്കേണ്ടതാണ്. (രേഖകൾ പരിശോധനയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയ്യതി 31.12.2023)

**<u>പുതുക്കിയ അപേക്ഷ സമർപ്പിക്കുന്ന വിദ്യാർഥികൾ (Renewal Applicants) താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.</u>**

1. പോർട്ടലിൽ അപേക്ഷയോടൊപ്പം ചേർക്കേണ്ട സാക്ഷ്യപത്രം (Bonafide certificate ) ലഭിക്കുന്നതിനു വേണ്ടി ആയതിൻറെ പ്രോഫോർമ/ഫോർമാറ്റ് പോർട്ടലിൽ നിന്ന് ഡൌൺലോഡ് ചെയ്ത് അപേക്ഷ സഹിതം അതാത് ക്ലാസ് ട്യൂട്ടർ, വകുപ്പ് മേധാവിമാർ എന്നിവർ സാക്ഷ്യപ്പെടുത്തി പ്രിൻസിപ്പാളുടെ അംഗീകാരത്തിനു വേണ്ടി C4-സെക്ഷനിൽ സമർപ്പിക്കുക. അംഗീകരിച്ച സാക്ഷ്യപത്രം കൈപ്പറ്റി പോർട്ടലിൽ Upload ചെയ്യുക.

Draft #2 of File C4/8142/23/GECSKP Approved by Principal on 22-Nov-2023 03:36 PM - Page 1

2. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്യേണ്ടതാണ്.

1. കോളേജിൽ നിന്ന് ലഭിച്ച സാക്ഷ്യ പത്രം ( Bonafide Certificate)/ പ്രമോഷൻ സർട്ടിഫിക്കറ്റ്.
2. മുൻ വർഷത്തെ ഗ്രേഡ് കാർഡ് സ്വയം സാക്ഷ്യപ്പെടുത്തിയത് (ഏറ്റവും അവസാന റിസൾട്ട്)
3. ഈ അദ്ധ്യയന വർഷം അടച്ച ഫീ രസീതിയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് / കോളേജിൻറെ പൊതുവായ ഫീ ഘടനാ സാക്ഷ്യപത്രം (അനുബന്ധം 2)

3. പോർട്ടലിൽ അപേക്ഷ സമർപ്പിച്ച ശേഷം അതിൻറെ പ്രിൻറ് ഔട്ട്, ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം പരിശോധനയ്ക്കായി ക്ലാസ് ട്യൂട്ടർ, വകുപ്പ് മേധാവി എന്നിവർ സാക്ഷ്യപ്പെടുത്തിയത് കോളേജിൽ (C4-സെക്ഷനിൽ) സമർപ്പിക്കേണ്ടതാണ്. (രേഖകൾ പരിശോധനയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയ്യതി 31.12.2023)

<u>പ്രത്യേകം ശ്രദ്ധിക്കുക</u>

നാഷണൽ സ്കോളർഷിപ്പുകൾ എല്ലാം ഈ വർഷം മുതൽ നിർബന്ധിത ആധാർ അധിഷ്ഠിത ബയോമെട്രിക് പരിശോധന (Biometric Authentication) യ്ക്ക് വിധേയമാണ്. ആയതിനാൽ

- എല്ലാ അപേക്ഷകരും അപേക്ഷയിൽ ആധാർ കാർഡിൽ ഉള്ളത് പോലെ തന്നെ വിവരങ്ങൾ നൽകാൻ ശ്രദ്ധിക്കുക.
- ആധാർ കാർഡ് കൃത്യമായി ബയോമെട്രിക് അപ്ഡേഷൻ ചെയ്യാൻ ശ്രദ്ധിക്കുക (അക്ഷയ സെൻററുകൾ മുഖേന ചെയ്യാം)
- ഫോൺ നമ്പർ, ബാങ്ക് അക്കൌണ്ട് എന്നിവ കൃത്യമായി ആധാറുമായി ലിങ്ക് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.

ഒരു വിദ്യാർത്ഥിക്ക് ഒരു സ്കോളർഷിപ്പിന് മാത്രമാണ് അപേക്ഷിക്കാൻ സാധിക്കുക. മതിയായ രേഖകൾ ഇല്ലാതെ പരിശോധനയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. സംശയങ്ങൾക്കും കൂടുതൽ വിവരങ്ങൾക്കും കോളേജിലെ സ്കോളർഷിപ്പ് (C4) സെക്ഷനുമാ യി ബന്ധപ്പെടുക (Mob: 9567055594).

<u>അനുബന്ധം</u>:
1) പ്രധാന കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകളുടെ സംക്ഷിപ്ത വിവരങ്ങൾ അടങ്ങിയ പട്ടിക
2) കോളേജിൻറെ പൊതുവായ ഫീ ഘടനാ സാക്ഷ്യപത്രം

**ഡോ: മീനാക്ഷി കെ**
പ്രിൻസിപ്പൾ

സ്വീകർത്താവ്

1. വെബ് അഡ്മിനിസ്ട്രേറ്റർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ)
2. എല്ലാ വകുപ്പ് മേധാവിമാർക്കും
3. നോട്ടീസ് ബോർഡിൽ പതിയ്ക്കാൻ (2 കോപ്പി)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Approval Valid

Digitally Approved By
ഡോ: മീനാക്ഷി കെ
Date: 22.11.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #2 of File C4/8142/23/GECSKP Approved by Principal on 22-Nov-2023 03:36 PM - Page 2

20/12/2023 തിയ്യതിയിലെ C4/8142/23/GECSKP നമ്പർ സർക്കുലറിന്റെ അനുബന്ധം 1

# GOVERNMENT ENGINEERING COLLEGE PALAKKAD, SREEKRISHNAPURAM

## Important National Scholarships - 2023-24

| Sl No | Name of Scholarship | Dead Line | Guidelines |
|---|---|---|---|
| 1 | **PRAGATI** SCHOLARSHIP SCHEME FOR GIRL STUDENTS ( TECHNICAL DEGREE) | Open till 31-12-2023 | Guidelines |
| 2 | **SAKSHAM** SCHOLARSHIP SCHEME FOR SPECIALLY ABLED STUDENT ( TECHNICAL DEGREE) | Open till 31-12-2023 | Guidelines |
| 3 | AICTE – **SWANATH** SCHOLARSHIP SCHEME (TECHNICAL DEGREE) | Open till 31-12-2023 | Guidelines |
| 4 | Post Matric Scholarships Scheme for Minorities | Not Open yet | Guidelines |
| 5 | **Merit Cum Means** Scholarship For Professional and Technical Courses CS | Not Open Yet | Guidelines |
| 6 | **CENTRAL SECTOR SCHEME** OF SCHOLARSHIPS FOR COLLEGE AND UNIVERSITY STUDENTS | Open till 31-12-2023 | Guidelines |
| 7 | Prime Minister's Scholarship Scheme For Central Armed Police Forces And Assam Rifles | Open till 31-12-2023 | Guidelines |
| 8 | Prime Minister's Scholarship Scheme For RPF/RPSF | Open till 31-12-2023 | Guidelines |

Visit https://www.scholarships.gov.in for details

Draft #2 of File C4/8142/23/GECSKP Approved by Principal on 22-Nov-2023 03:36 PM - Page 3

**100GOVERNMENT ENGINEERING COLLEGE**
**Sreekrishnapuram, Mannampatta – PO**
**Palakkad - 678 633**

Website: www.gecskp.ac.in Tel: 0466-2260350 (Office)
0466-2260565 (Principal)
E-mail: principal@gecskp.ac.in Fax: 0466-2260565

**(Department of Technical Education, Govt. of Kerala)**

No: C4/8142/23/GECSKP Date: 20.11.2023

**CERTIFICATE**

This is to certify that the annual **fee structure of M.Tech courses** for the Academic year 2022-23 is as shown below.

| Fee Description | 1st year | 2nd year |
|---|---|---|
| Tuition Fee | 12600 | 12600 |
| Special fee (R) | 1740 | 1740 |
| Special fee (PD) | 1950 | 1950 |
| Examination Fee | 4290 | 3320 |
| Admission fee | 240 | ---- |
| Student Administration Fees - KTU | 1050 | ---- |
| Arts & Sports Fee - KTU | 530 | 530 |
| Student Affiliation fee - KTU | 1000 | ---- |
| **Total** | **23400** | **20140** |

This certificate is issued only for uploading to the **National Scholarship Portal for various scholarships (Fresh & Renewal)** for the Academic year 2023-24.

Place: PALAKKAD
Date: 20.11.2023

PRINCIPAL
Principal
Govt. Engineering College
Sreekrishnapuram, Mannampatta - PO
Palakkad - 678 633

GOVT. ENGINEERING COLLEGE, SREEKRISHNAPURAM
PALAKKAD DT.
PIN - 678 633
MANNAMPATTA P.O.

# GOVERNMENT ENGINEERING COLLEGE

**Sreekrishnapuram, Mannampatta – PO**
**Palakkad - 678 633**

Website: www.gecskp.ac.in Tel: 0466-2260350 (Office)
0466-2260565 (Principal)
E-mail: principal@gecskp.ac.in Fax: 0466-2260565

**(Department of Technical Education, Govt. of Kerala)**

No: C4/8142/23/GECSKP Date: 20.11.2023

## CERTIFICATE

This is to certify that the annual **fee structure of B.Tech courses** for the Academic year 2023-24 is as shown below.

| Fee Description | 1st year | 2nd year | 3rd year | 4th year |
|---|---|---|---|---|
| Tuition Fee | 6300 | 6300 | 6300 | 6300 |
| Special fee (R) | 1740 | 1740 | 1740 | 1740 |
| Special fee (PD) | 370 | 370 | 370 | 370 |
| Examination Fee | 4200 | 5250 | 5400 | 3870 |
| Admission fee | 240 | ---- | ---- | ---- |
| Student Administration Fees - KTU | 1050 | ---- | ---- | ---- |
| Arts & Sports Fee - KTU | 530 | 530 | 530 | 530 |
| Student Affiliation fee - KTU | 750 | ---- | ---- | ---- |
| **Total** | **15180** | **14190** | **14340** | **12810** |

This certificate is issued only for uploading to the **National Scholarship Portal for various scholarships (Fresh & Renewal)** for the Academic year 2023-24.

Place: PALAKKAD
Date: 20.11.2023

Principal

PRINCIPAL
Govt. Engineering College
Sreekrishnapuram, Mannampatta - PO
Palakkad - 678 633

GOVT. ENGINEERING COLLEGE, SREEKRISHNAPURAM, MANNAMPATTA PO
PALAKKAD DT
PIN - 678 633